I. ഇ.ബി. XV-കേരള നിയമസഭ/XIII-10

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 ഫെബ്രുവരി 13, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 4491-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 10-08-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4491-ന്റെ തിരുത്തിയ ഉത്തരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അനുവദിച്ച പദ്ധതികൾ വെട്ടിച്ചുരുക്കൽ

മി. സ്പീക്കർ: സംസ്ഥാനത്തെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 2024-25-ൽ പദ്ധതി അടങ്കലിന്റെ ഭാഗമായി അനുവദിച്ച പദ്ധതികൾ 2025 ജനുവരി 22, 25 തീയതികളിലെ ഉത്തരവുകൾ പ്രകാരം വെട്ടിക്കുറച്ചതുമൂലം എസ്.സി./എസ്.ടി. ജനവിഭാഗങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): 2024-25-ൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് യഥാക്രമം 1370 കോടി രൂപയും 657 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പല പദ്ധതികളും

കേന്ദ്ര-സംസ്ഥാന പദ്ധതികളായിട്ടാണ് നടപ്പാക്കുന്നത്. പട്ടികജാതി വിഭാഗങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം 1561 കോടി രൂപ ചെലവഴിച്ച് 116610 വീടുകളും കഴിഞ്ഞ മൂന്നുവർഷങ്ങളിലായി സേഫ് പദ്ധതിക്കുകീഴിൽ 30117 വീടുകളും പൂർത്തീകരിക്കുകയും ഈ വർഷം പദ്ധതിക്കാവശ്യമായ 172 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ 2023-24 വരെയുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ട്. 2024-25 വർഷത്തിൽ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരായ മുഴുവൻ വിദ്യാർഥികൾക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്യുകയും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷകളിന്മേൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് തുക വിതരണം ചെയ്യുന്നതുമാണ്. 2024-25 വർഷം സ്കോളർഷിപ്പ് വിതരണത്തിനായി വകയിരുത്തിയ 223 കോടി രൂപയ്ക്കുപുറമെ 108 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ വിദ്യാർഥികൾക്ക് ഈ വർഷം 72.3 കോടി രൂപയുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുകയും ലൈഫ് പദ്ധതിയിൽ 43629 വീടുകൾക്കായി 802 കോടി രൂപ

അനുവദിക്കുകയും സേഫ് പദ്ധതിയിൽ 53 കോടി രൂപ വകയിരുത്തി 1287 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലാപ്ടോപ് വാങ്ങുന്നതിന് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന 30000 രൂപ നേരിട്ടും അനുവദിച്ചുവരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സംസ്ഥാന സർക്കാരിന്റെ മുൻഗണനാ ലിസ്റ്റിൽ പട്ടികജാതി/പട്ടികവർഗ ജനവിഭാഗങ്ങളില്ലായെന്നത് നീതീകരിക്കാവുന്നതല്ല. 2025 ജനുവരി 22, 25 തീയതികളിൽ സർക്കാർ ഇറക്കിയ ഉത്തരവ് പ്രകാരം എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഭവന പദ്ധതിക്കായി നീക്കിവച്ചിരുന്നതിൽനിന്നും 120 കോടി രൂപയും വീട് മെയിന്റനൻസിനുള്ള 50 കോടി രൂപയും ഭൂമി വാങ്ങുന്നതിനുള്ള 100 കോടി രൂപയും വിവാഹധനസഹായമായി അനുവദിച്ച 36 ലക്ഷം രൂപയും കുറവ് ചെയ്തിരിക്കുകയാണ്. വാത്സല്യനിധി പദ്ധതിയിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. സർക്കാരിന്റെ ദളിത്/ആദിവാസി വിരുദ്ധ സമീപനത്തിന്റെ പ്രകടമായ തെളിവാണിത്. വിധവകൾക്കുള്ള ധനസഹായം, മിശ്രവിവാഹ ധനസഹായം, ചികിത്സാ ധനസഹായം

എന്നിവയൊന്നും കൃത്യമായി നൽകാൻ ഈ സർക്കാരിന് സാധിക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെയും മറ്റും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൊണ്ടുവന്ന ഉന്നതി പദ്ധതിയുടെ പ്രവർത്തനം പൂർണ്ണമായി നിലച്ചിരിക്കുകയാണ്. വകുപ്പിനാവശ്യമായ ഫണ്ട് അനുവദിക്കാത്തതുമൂലം വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് വർധിച്ചുവരികയാണ്. വിദ്യാവാഹിനി പദ്ധതിയുടെ ഭാഗമായി വാഹന ഉടമകൾക്ക് നൽകാനുള്ള തുക കുടിശ്ശികയായി നിൽക്കുകയാണ്. എസ്.സി.-എസ്.ടി. വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന ഒട്ടനവധി പദ്ധതികൾ നിർത്തിവയ്ക്കുകയും നടപ്പാക്കുന്ന പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സർക്കാർ നടപടി പ്രതിഷേധാർഹമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): പട്ടികജാതി-പട്ടികവർഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ ഫണ്ട് വകയിരുത്തുകയും വരുമാനപരിധി പരിഗണിക്കാതെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം

നൽകുകയും ചെയ്യുന്ന സർക്കാരാണിത്. പഞ്ചായത്തുകളിൽനിന്നും ബിൽ വരുന്നതിനനുസരിച്ച് വിദ്യാവാഹിനി പദ്ധതിക്ക് തുക നൽകിവരുന്നു. ഉന്നതി പദ്ധതിയുടെ ഭാഗമായി 800 കുട്ടികൾക്ക് വിദേശത്ത് ഉപരിപഠനത്തിനും 56 കുട്ടികൾക്ക് ഇന്റേൺഷിപ്പ് കൊടുക്കാനും സാധിച്ചിട്ടുണ്ട്. കൂടാതെ എം.ബി.ബി.എസ്., പാരാമെഡിക്കൽ, വിങ്സ് (പൈലറ്റ്), നഴ്സിങ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും ഐ.എ.എസ്. കോച്ചിങ്ങിനും ധനസഹായം നൽകുന്നുണ്ട്. കുട്ടികൾക്ക് പഠനസൗകര്യം ഒരുക്കുന്നതിലേക്കായി 17000-ത്തോളം പഠനമുറി സജ്ജമാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. വിവാഹ/മിശ്രവിവാഹ ധനസഹായം മുൻഗണനാടിസ്ഥാനത്തിൽ നൽകിവരുന്നുണ്ട്. വാത്സല്യ നിധി പദ്ധതിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമപ്രശ്നം പരിഹരിക്കുന്നതാണ്. ട്രേസ് പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ 2 വർഷത്തെ ഇന്റേൺഷിപ്പിനുള്ള നിയമനം ലഭിച്ച 500 അക്രെഡിറ്റഡ് എഞ്ചിനീയർമാർക്ക് വകുപ്പുമുഖേന ഓണറേറിയം നൽകുന്നുണ്ട്. എം.ജി.എൻ.ആർ.ഇ.ജി. പദ്ധതിയിൽ സർക്കാർ ഫണ്ട് വകയിരുത്തിക്കൊണ്ട് നിലവിലെ തൊഴിൽ ദിനങ്ങൾക്കുപുറമെ അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ഓരോ പട്ടികവർഗ

കുടുംബത്തിനും നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മൂന്നുവർഷംകൊണ്ട് 11358 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിക്കുള്ള അലോക്കേഷനും വിതരണം ചെയ്തിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി വകയിരുത്തിയ തുക ചെലവഴിക്കുന്നില്ലെന്നുള്ള തെറ്റിദ്ധാരണയുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചിരിക്കുന്നത്. അതിദരിദ്രരുടെ സ്ഥിതി മെച്ചപ്പെടുത്തുകയും സാധാരണക്കാർക്ക് ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കുകയും വിദേശ സർവകലാശാലകളിൽ പഠിക്കാൻ അവസരമൊരുക്കുകയും ചെയ്ത സർക്കാരാണിത്. പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ നടപ്പുവർഷത്തെ ആനുപാതിക സംസ്ഥാന വിഹിതം പൂർണ്ണമായും ചെലവഴിക്കുകയും ഉപധനാഭ്യർത്ഥനവഴി അധിക തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികൾക്ക് ലാപ്ടോപ്പ് നൽകാനും പട്ടികവർഗ വിഭാഗത്തിലുള്ള 50 പേരെ ഫോറസ്റ്റ്

ഗാർഡുമാരായി നിയമിക്കാനും സാധിച്ചത് സർക്കാർ അവരെ പരിഗണിക്കുന്നതിന് തെളിവാണ്. ബജറ്റിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് കൊടുക്കാനുള്ള തുകയിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്തിന്റെ പ്ലാൻ അലോക്കേഷനിൽ എസ്.സി. വിഭാഗത്തിന് 10 ശതമാനവും എസ്.ടി. വിഭാഗത്തിന് 2 ശതമാനവും വകയിരുത്തേണ്ടത് ഭരണഘടനാപരമായ ബാധ്യതയാണ്. അതിൽ വെട്ടിക്കുറവ് വരുത്തിയത് ന്യായീകരിക്കാവുന്നതല്ല. സർക്കാർ ഉത്തരവിലൂടെ എസ്.സി. വിഭാഗത്തിന്റെ പദ്ധതി വിഹിതം 920 കോടി രൂപയായും എസ്.ടി. വിഭാഗത്തിന്റെ പദ്ധതി വിഹിതം 390 കോടി രൂപയായും വെട്ടിച്ചുരുക്കിയത് പ്രയോറിറ്റൈസേഷന്റെയും റീസ്ട്രക്ച്ചറിങ്ങിന്റെയും ഭാഗമാണെന്ന് ന്യായീകരിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. ടി വിഭാഗങ്ങൾക്കുമാത്രമായി പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കണം.

കിഫ്ബിയിലൂടെ 81 കോടി രൂപ മാത്രമാണ് പട്ടികജാതി-പട്ടികവർഗ വിഭാഗത്തിനായി ചെലവഴിച്ചത്. കിഫ്ബി വഴിയല്ലാതെ നേരിട്ട് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ചെലവഴിച്ചിരുന്നെങ്കിൽ 3000 കോടി രൂപ എസ്.സി. വിഭാഗത്തിന് മാത്രമായി ലഭിക്കുമായിരുന്നു. ലൈഫ് ഭവന പദ്ധതിക്ക് 140 കോടി രൂപ അനുവദിച്ചെങ്കിലും നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വാത്സല്യ നിധി പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയ 10 കോടി രൂപ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുന്നു. സി. ആൻഡ് എ.ജി. റിപ്പോർട്ട് പ്രകാരം സർക്കാർ-എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പട്ടികജാതി വിഭാഗത്തിലുള്ള പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കുടിശ്ശികയാണ്. മാസംതോറും നൽകിക്കൊണ്ടിരുന്ന ഹോസ്റ്റൽ ഫീസും ഇ-ഗ്രാന്റ്സും യഥാസമയം വിതരണം ചെയ്യുന്നില്ല. പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് മുൻഗണന നൽകി ടി വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സഹായങ്ങളാണ് സർക്കാർ നൽകേണ്ടത്.

(പ്രതിപക്ഷ നേതാവിന്റെ പ്രസംഗം ഉപസംഹരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടതിൽ പ്രതിഷേധിച്ച്

പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുസമീപം വന്ന് ബാനറും പ്ലക്കാർഡുകളുമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിക്രമങ്ങളിലേക്ക് കടന്നു.)

## III. ശ്രദ്ധക്ഷണിക്കൽ

### മലബാർ മേഖലയിലെ വിനോദസഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

ഡോ. കെ. ടി. ജലീൽ: മലബാർ മേഖലയിലെ വിവിധ വിനോദസഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും ലിറ്ററി ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഇന്തോനേഷ്യയിലെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾക്ക് സമാനമായ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇവിടെ സ്ഥാപിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വിനോദസഞ്ചാര മേഖലയിൽ വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. മലബാർ ടൂറിസത്തിനുവേണ്ടി സർക്കാർ "ബി 2 ബി മീറ്റ്" സംഘടിപ്പിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ വിനോദസഞ്ചാര പദ്ധതികൾ വികസിപ്പിക്കുന്നതിന്

ശ്രമിക്കുന്നതാണ്. വയനാട് ജില്ലയിൽ ആരംഭിച്ച 'എൻ ഊര്' ഗോത്ര പൈതൃക ഗ്രാമം, മലബാറിന്റെ തനത് കലകളായ തെയ്യം, തിറ, കളരിപ്പയറ്റ്, മറ്റ് നാടൻ കലാരൂപങ്ങൾ എന്നിവ സഞ്ചാരികൾക്ക് അനുഭവയോഗ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. സജീവ് ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## IV. സബ്മിഷൻ

### (1) കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകളുടെ ശുചീകരണം

ശ്രീ. എം. എസ്. അരുൺ കുമാർ: കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകൾ ശുചീകരിക്കുന്നതിനും കെ.ഐ.പി. കനാൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

### (2) കുളങ്ങാട്ടുകുഴി പ്രദേശത്ത് കണ്ട കടുവയെ പിടികൂടുന്നത് സംബന്ധിച്ച്

ശ്രീ. ആന്റണി ജോൺ: കോതമംഗലം നിയോജകമണ്ഡലത്തിലെ കുളങ്ങാട്ടുകുഴി പ്രദേശത്തുകണ്ട കടുവയെ അടിയന്തരമായി പിടികൂടുന്നതിന് നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(3) വടക്കാഞ്ചേരി-മച്ചാട് മേഖലകളിൽ ഫെൻസിങ്ങും അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനഃസ്ഥാപിക്കലും

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരി-മച്ചാട് വന മേഖലകളിൽ ഫെൻസിങ് സ്ഥാപിക്കാനും അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനഃസ്ഥാപിക്കാനും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(4) കുട്ടനാട് മേഖലയിലെ കൃഷിനാശം

ശ്രീ. എച്ച്. സലാം: തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവിടങ്ങളിൽനിന്നും ഉപ്പുവെള്ളം കയറി കുട്ടനാട് മേഖലയിലെ നെൽകൃഷി നശിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(5) രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത വൈദ്യുതി സ്കൂട്ടറുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത വൈദ്യുതി സ്കൂട്ടറുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കേന്ദ്ര ഗവൺമെന്റാണ് ഗതാഗത നിയമത്തിൽ ഭേദഗതി വരുത്തേണ്ടത്. ഈ വിഷയം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരും.

## (6) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവീസുകൾ പുനരാരംഭിക്കൽ

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽനിന്നുള്ള വേളാങ്കണ്ണി സർവീസ് ഉൾപ്പെടെയുള്ളവ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): ചങ്ങനാശ്ശേരി-വേളാങ്കണ്ണി ബസ് നിലവിൽ സൂപ്പർ ഡീലക്സ് ബസ്സാക്കി മാറ്റിയാണ് സർവീസ് നടത്തുന്നത്. ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നുള്ള സർവീസുകൾ ഒന്നും വെട്ടിക്കുറച്ചിട്ടില്ല. പുതിയ സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## (7) കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം

ശ്രീമതി യു പ്രതിഭ: കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി

കായംകുളം കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് ഭരണാനുമതിയും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഫണ്ടും അനുവദിച്ചിട്ടുണ്ട്. ടെൻഡറിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ടും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിയെട്ട് മുതൽ അറുപത്തിമൂന്നുവരെയുള്ള റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടു.

## VII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII. ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): അന്തിമ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും ഗ്രാമവികസ**നം** എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും ഗതാഗതം

എന്ന XLI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും തിരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയിന്മേലുള്ള ഉപധനാഭ്യർഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര

നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

## (ii) 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(സഭ രാവിലെ 11.37-ന് പിരിഞ്ഞു.)

*********